**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ അദ്ധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2025-26 വർഷത്തെ ഹൈസ്കൂൾ എച്ച്.എം. പ്രൊമോഷൻ 2025 ജൂണിന് മുമ്പ് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | **നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക പോലുമില്ലാത്ത ഹൈസ്കൂളുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | **നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (സി) | ഇതുവരെ അനുവദിച്ചിട്ടില്ലാത്ത 2024-25 വർഷത്തെ ഫിക്സേഷൻ പോസ്റ്റുകൾ 2025 ജൂണിൽ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) | 2024-25 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും അധിക തസ്തികകളുടെ നിർണ്ണയം പൂർത്തിയായി വരുന്നതേയുള്ളൂ. ആയത് പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ നടന്നു വരുന്നു |
| (ഡി) | ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിൽ നേരിട്ടല്ലാതെയുള്ള നിയമനത്തിന് നീക്കി വെച്ച (ഐ.ഡി.ടി- 15%, പ്രൊമോഷൻ- 15%, ബൈ ട്രാൻസ്ഫർ- 10%, ആശ്രിത നിയമനം- 5%) ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ അവ നേരിട്ടുള്ള നിയമനത്തിന് നൽകണമെന്ന് നിയമമുണ്ടോ; ഉണ്ടെങ്കിൽ ആ ഉത്തരവ് എല്ലാ ഡി.ഡി.ഇ. ഓഫീസുകളിലും എത്തിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 26.05.2008-ലെ സ.ഉ (കൈ) നമ്പർ 95/2008/ പൊ.വി.വ, 23.01.2018-ലെ സ.ഉ (കൈ) നമ്പർ 06/2018/പൊ.വി.വ, എന്നീ ഉത്തരവുകളിൽ അന്തർ ജില്ലാ സ്ഥലംമാറ്റം പ്രൈമറി ടീച്ചർമാരുടെ പ്രമോഷൻ, ക്ലാർക്ക്/ടൈപ്പിസ്റ്റ്/ ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികയിൽ നിന്നുള്ളവർക്കുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനം, എന്നിവയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തപക്ഷം പ്രസ്തുത ഒഴിവുകളിൽ അതാത് വർഷം തന്നെ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച് വകുപ്പുതലവൻ എല്ലാ ഡി.ഡി.ഇ-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ